സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി

57 [995] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം മേഖലകളാണ് ഇതിനുവേണ്ടി കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ ;

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്തിയ വി. എൻ. ചോപ്ര കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ബയോ ടെക്-കേരള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുമായി 'ഹൈടെക് ഇന്നോവേറ്റീവ് അഗ്രികൾച്ചർ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന ചെലവിന്റെ 50% വരെ സഹായമായി നൽകുന്നു. വായ്പാബന്ധിത പദ്ധതിയാണിത്.

(സി) ഗ്രീൻഹൗസ് ഉപയോഗിച്ച് പുകൃഷി, പച്ചക്കറി കൃഷി, ടിഷ്യുകൾച്ചർ, ജൈവ കൃഷി, മണ്ണിര കമ്പോസ്റ്റ്, ജീവാണു വളങ്ങളുടെയും ജൈവ കീടനാശിനികളുടേയും ഉൽപ്പാദനം, കൂൺ കൃഷി, അഗ്രോ പ്രോസസ്സിംഗ് എന്നീ മേഖലകളാണ്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'ബയോ ടെക്-കേരള' 'കിസാൻ കേരള' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്. കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. 'ബയോ ടെക്-കേരള' ഈ പദ്ധതിയുടെ ഭാഗമായി ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വൈറസ് ഇൻഡക്സിങ്ങിലൂടെ ഗുണനിലവാരം ഉറപ്പുവരുത്തി കർഷകർക്ക് ലഭ്യമാക്കിവരുന്നു. ജീവാണു വളങ്ങളും രോഗപ്രതിരോധത്തിന് ട്രൈക്കോഡെർമ, പ്ലൂഡോമോണസ് എന്നീ ജീവാണുക്കളേയും വിതരണം ചെയ്യുന്നുണ്ട്.

GPM. 2/153/2013—13

LIBRARY ARCHIVES Kerala Legislative Assembly